പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2663** — 10.12.2014-ൽ മറുപടിക്ക്

## അമ്മയും കുഞ്ഞും പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ :<br>,, ഹൈബി ഈഡൻ :<br>,, പി. എ. മാധവൻ :<br>,, വി. ഡി. സതീശൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | അമ്മയും കുഞ്ഞും പദ്ധതി എന്നു മുതൽ സംസ്ഥാനത്ത് ആരംഭിച്ചു ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) | പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രമം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ എത്രപേർ പദ്ധതിയുടെ ഗുണഭോക്താക്കളായി ; | (ബി) | ഇതുവരെ ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് 4,11,822 അമ്മമാർക്കും 54,267 കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ? | (സി) | ഈ പദ്ധതിയെക്കുറിച്ച് കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ